## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3701 — 26.06.2012-ൽ മറുപടിക്ക്

### സഹകരണ യൂണിവേഴ്സിറ്റി

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി കെ.കെ. ലതിക : | ശ്രീ. സി.എൻ. ബാലകൃഷ്ണൻ (സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന സഹകരണ യൂണിയന്റെ കീഴിൽ എത്ര വിദ്യാഭ്യാസ പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും ഓരോ സ്ഥാപനത്തിലും ഏതെല്ലാം കോഴ്സുകൾ നടത്തുന്നുണ്ടെന്നും വ്യക്തമാക്കുമോ; | (എ) 23 വിദ്യാഭ്യാസ പരിശീലന സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. ഇതിൽ 10 സഹകരണ പരിശീലന കേന്ദ്രങ്ങളിൽ ജൂനിയർ ഡിപ്ലോമ ഇൻ കോ-ഓപ്പറേഷൻ (ജെ.ഡി.സി) കോഴ്സും, 12 സഹകരണ പരിശീലന കോളേജുകളിൽ ഹയർ ഡിപ്ലോമ ഇൻ കോ-ഓപ്പറേഷൻ ആന്റ് ബിസിനസ്സ് മാനേജ്മെന്റ് കോഴ്സും (എച്ച്.ഡി.സി & ബി.എം) സഹകരണ യൂണിയന്റെ കീഴിലുള്ള കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റിൽ (കിക്മ) മാസ്റ്റർ ഓഫ് ബിസിനസ്സ് അഡ്മിനിസ്ട്രേഷൻ (എം.ബി.എ) കോഴ്സും നടത്തുന്നു. |
| (ബി) സഹകരണ നിയമപ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്ന എത്ര വിദ്യാഭ്യാസ സ്ഥാപനങ്ങൾ സംസ്ഥാനത്തുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) സഹകരണ നിയമ പ്രകാരം രജിസ്റ്റർ ചെയ്ത 127 എഡ്യൂക്കേഷണൽ സഹകരണ സ്ഥാപനങ്ങളിൽ 94 എണ്ണം ഇപ്പോൾ പ്രവർത്തിച്ച വരുന്നു. |
| (സി) മേൽ സ്ഥാപനങ്ങളുടെയെല്ലാം പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഒരു സഹകരണ യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വിശദാംശങ്ങൾ സഹിതം വ്യക്തമാക്കുമോ? | (സി) ഇപ്പോൾ ഉദ്ദേശിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ